# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 30.01.2018 ൽ മറുപടിക്ക്

ചോദ്യം നമ്പർ: 1139

**റോഡിൽ കുഴിയെടുത്തുള്ള പ്രവൃത്തികൾക്ക് വ്യക്തമായ നിബന്ധനകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൾ ഹമീദ് പി. | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പുതുതായി പൂർത്തിയാക്കിയ റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി കുഴിയെടുത്ത് നാശോന്മുഖമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ടെലികോം തുടങ്ങിയ സേവനദാതാക്കൾ വിവിധ പദ്ധതികൾക്കായി റോഡുകൾ വെട്ടിമുറിക്കുന്ന പ്രവൃത്തി കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി 06/12/2017-ൽ യോഗം ചേരുകയുണ്ടായി. ആയതിൽ താഴെ പറയുന്ന തീരുമാനങ്ങൾ നടപ്പിലാക്കുവാനായി തീരുമാനം എടുത്തിട്ടുണ്ട്.<br><br>മുൻകൂട്ടി പൊതുമരാമത്ത് വകുപ്പിനെ അറിയിക്കാതെയും, പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാരുടെ സാന്നിദ്ധ്യത്തിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി പ്രോജക്ട് പ്ലാൻ ചെയ്യാത്തതുമാണ് പല പദ്ധതികൾക്കും വേണ്ടി റോഡ് കുഴിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്. ആയതിനാൽ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവയുടെ പ്രവർത്തികൾക്കായി റോഡ് കുഴിക്കേണ്ടിവരുന്ന അവസരങ്ങളിൽ പ്രസ്തുത വിവരം ആറു മാസം മുമ്പെങ്കിലും പൊതുമരാമത്ത് വകുപ്പിനെ അറിയിക്കേണ്ടതാണ്. |

റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച്‌ലെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതിക വിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ട്.

വീതി കുറഞ്ഞ റോഡുകളിൽ ടാർ കട്ടിംഗ് ആവശ്യമായി വരുമ്പോൾ മറ്റു റൂട്ടുകൾ തിരഞ്ഞെടുക്കാൻ ശ്രമിക്കേണ്ടതും, സ്വകാര്യ വ്യക്തികളുടെ സ്ഥലത്തുകൂടി പൈപ്പുകൾ ഇടുന്നതിനുള്ള സാദ്ധ്യത ആരായേണ്ടതാണ്.

| | | | |
|---|---|---|---|
| (സി) | റോഡിൽ കുഴിയെടുത്തുള്ള പ്രവൃത്തികൾക്ക് വ്യക്തമായ നിബന്ധനകൾ ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ? | (സി) | ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് സർക്കാർ ഉത്തരവ് G.O.(Rt)No. 30/2018/PWD dated 05/01/2018 പ്രകാരം റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പൊ.മ.വ. - റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവാകുന്നു.

പൊതുമരാമത്ത്(എച്ച്) വകുപ്പ്

G.O.(Rt)No. 30/2018/PWD തീയതി, തിരുവനന്തപുരം, 05/01/2018

പരാമർശം:- 1)സ.ഉ(സാധ)നമ്പർ - 1602/2016/പൊ.മ.വ, തീയതി 21/11/2016.
2)സ.ഉ(സാധ) നമ്പർ - 1640/2016/പൊ.മ.വ, തീയതി 28/11/2016.
3)6/12/2017 ന് ബഹു.പൊതുമരാമത്ത് വകുപ്പ്മന്ത്രിയുടെയും ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്.

**ഉത്തരവ്**

പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് മന്ത്രിയുടെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട ജല വിഭവ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ, വിവിധ പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്, വൈദ്യുതി വകുപ്പ്, ഐടി വകുപ്പ്, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ബി.എസ്.എൻ.എൽ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായും വിവിധ ടെലികോം സേവനദാതാക്കളായ ഐഡിയ , എയർടെൽ , വൊഡാഫോൺ , റെയിൽ ടെൽ , ടാറ്റ ,റിലയൻസ് ജിയോ എന്നിവരുടെ പ്രതിനിധികളുമായും യോഗം ചേരുകയും പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിച്ച് ,കേബിളുകൾ പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബി എസ് എൻ എൽ, ഉം സ്വകാര്യ ടെലികോം സേവനദാതാക്കളും നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ചും ഇക്കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിന്റെ ആവശ്യകത സംബന്ധിച്ചും വിശദമായി ചർച്ച ചെയ്യുകയും ഇക്കാര്യത്തിൽ വിവിധ വകുപ്പുകൾ നിർബന്ധമായും പാലിക്കുന്നതിനായി താഴെ പ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച്

ഉത്തരവാകുന്നു.

1 . റോഡുകളിൽ KWA, KSEB, BSNL , മറ്റു സ്വകാര്യ ടെലികോം സേവനദാതാക്കൾ തുടങ്ങിയവർ പൈപ്പ്, പോസ്റ്റ്, കേബിൾ എന്നിവ സ്ഥാപിക്കുന്നതിനായി കുഴിക്കുന്നതിന് മുമ്പ് വേണ്ടത്ര മുന്നൊരുക്കവും ആസൂത്രണവും ഇല്ലാത്തതുകൊണ്ട് സർക്കാർ വിഭവങ്ങൾ വലിയ തോതിൽ പാഴായി പോകുന്നുണ്ട്. ഇവ സ്ഥാപിക്കുന്നതിനുമുമ്പ് രൂപ രേഖ തയ്യാറാക്കുമ്പോൾ ശ്രദ്ധിച്ചാൽ ഇത്തരം ദുർചെലവുകൾ ഒഴിവാക്കാവുന്നതാണ്. ആസൂത്രണക്കുറവും ഏകോപനം ഇല്ലായ്മയും മൂലം ഒരേ റോഡ് തന്നെ പല പ്രാവശ്യം പല പദ്ധതികൾക്കായി കുഴിക്കേണ്ടി വരുന്നുണ്ട്. ഇതുമൂലം സർക്കാർ പണം പാഴാക്കുന്നത് കൂടാതെ സർക്കാർ വകുപ്പുകളെക്കുറിച്ച് അവമതിപ്പ് ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ നിർമ്മാണം ഉദ്ദേശിക്കുന്ന റോഡുകളിൽ സേവന ദാതാക്കളായ വകുപ്പുകളോ, കമ്പനികളോ എന്തെങ്കിലും പ്രവൃത്തികൾ ഉദ്ദേശിക്കുന്നുണ്ടോ എന്ന് പൊതുമരാമത്ത് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ബന്ധപ്പെട്ട സേവനദാതാക്കളെ, വൻകിട പദ്ധതികൾ ആരംഭിക്കുന്നതിന് 6 മാസം മുമ്പും, ചെറുകിട പദ്ധതികൾ ആരഭിക്കുന്നതിന് 3 മാസം മുമ്പും, രേഖാ മൂലം അറിയിക്കേണ്ടതും, മരാമത്ത് വകുപ്പിന്റെ അനുവാദത്തോടെ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പു തന്നെ സേവനദാതാക്കളുടെ പണികൾ പൂർത്തീകരിക്കേണ്ടതുമാണ്. KWA, KSEB, BSNL എന്നീ സർക്കാർ സ്ഥാപനങ്ങൾ ഒരോ വർഷവും നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ മുൻകൂറായി പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചാൽ ഇതിനായി വേണ്ടി വരുന്ന റോഡുകളിലെ വർക്കുകൾ ക്രമീകരിക്കാവുന്നതാണ്. കൂടാതെ KIIFB, Budget , N A B A R D വർക്കുകൾക്ക് മുൻപ് റോഡ് കുഴിക്കേണ്ടതുണ്ടെങ്കിൽ അവ പൂർത്തിയാക്കേണ്ടതാണ്. ഇത് ഭാവി ആവശ്യങ്ങൾ കൂടി മുൻകൂട്ടി കണ്ട് ചെയ്യുന്നതാണ് അഭികാമ്യം. PWD റോഡുകളുടെ കട്ടിംഗിനായുള്ള അപേക്ഷ പൊതുമരാമത്ത് വകുപ്പ് നൽകുന്ന പ്രൊഫോർമയിൽ ആയിരിക്കണം.ഈ പ്രൊഫോർമയിൽ,മറ്റു വകുപ്പുകൾ സ്ഥാപിക്കുന്ന പൈപ്പ്/പോസ്റ്റ്/കേബിൾ എന്നിവ ഭാവിയിൽ റോഡ് വികസനത്തിനുള്ള പ്രവൃത്തികൾ നിർവഹിക്കുമ്പോൾ അതാത് departments സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മാറ്റിക്കൊള്ളാമെന്നുള്ള സമ്മതപത്രം കൂടി ചേർക്കേണ്ടതാണ്.

### കേബിളുകൾ

2 . റോഡ് കുഴിച്ച് കേബിളുകൾ ഇട്ടതിനുശേഷം പൊതുമരാമത്ത് വകുപ്പിന് റെസ്റ്റോറേഷന് പണം ലഭിക്കുന്നില്ല. പകരം ഐ.ടി. വകുപ്പിനാണ് പണം നൽകുന്നത്.സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനു കീഴിൽ വരുന്ന

റോഡുകളിൽ കേബിളുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന ഇൻഫർമേഷൻ ടെക്നോളജി വകുപ്പാണ് ഉത്തരവിടുന്നത്. ടെലഫോൺ സർവ്വീസ് പ്രൊവൈഡർമാരും(TSP), ഇൻഫ്രസ്ട്രക്ചർ പ്രൊവൈഡർമാരും (IP) റൈറ്റ് ഓഫ് വേ (ROW) പെർമിഷൻ ലഭിക്കുന്നതിന് വേണ്ടി ഒരു കിലോമീറ്റർ കുഴിക്കുന്നതിന് വേണ്ടി 75,000/- രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ പേരിൽ അടയ്ക്കണമെന്നും, ഈ തുകയുടെ 50% തുക Corporate Social Responsibility യ്ക്കും IT related Infrastructure Development Activities-നും വേണ്ടി ഉപയോഗിക്കണമെന്നും, ബാക്കി 50% തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കും നൽകണമെന്നുമാണ് ഐ.ടി വകുപ്പ് ഇറക്കിയ G.O(Ms) No. 39/2015/ITD തീയതി 15.09.2015 ൽ ഇറക്കിയ സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളത്. ഒരു കിലോമീറ്റർ 50 രൂപ നിരക്കിൽ ഒരു വർഷ കാലാവധിയുള്ള ബാങ്ക് ഗ്യാരണ്ടിയാണ് റോഡിന്റെ ഉടമസ്ഥരായ പൊതുമരാമത്ത് വകുപ്പിന് നൽകേണ്ടത്. ഈ ഗ്യാരണ്ടി കരാർ ലംഘനം ഉണ്ടായാൽ മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളു. റോഡ് കട്ടിംഗ് അനുവാദം നൽകുന്നതിന് വേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി (ഐ.ടി) ചെയർമാനും, പൊതുമരാമത്ത്, എൽ.എസ്.ജി.ഡി സെക്രട്ടറിമാർ മെമ്പർമാരുമായി സർക്കാർ ഉത്തരവ് പ്രകാരം ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേബിൾ ട്രഞ്ചുകൾ പൂർവ്വസ്ഥിതിയിലാക്കി റോഡുകൾ ഗതാഗത യോഗ്യമാക്കി തീർക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് ഈ കമ്പനികളിൽ നിന്ന് Restoration Charge ലഭിക്കുന്നില്ല. തുച്ഛമായ ബാങ്ക് ഗ്യാരണ്ടി കരാർ ലംഘനമുണ്ടായാൽ ഉപയോഗിക്കുന്നതിന് വേണ്ടിയുള്ളതാണ്. Right of Way അനുവാദം നൽകുന്നത് ഐ.ടി വകുപ്പാണ്. പൊതുമരാമത്ത് വകുപ്പിന് ഇതിൽ യാതൊരു റോളും ഇല്ല എന്നതാണ് നിലവിലെ സ്ഥിതി.

പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കേണ്ടതും നിലനിർത്തേണ്ടതും പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവാദിത്തമായതിനാൽ R O W അനുവാദം നൽകാനുള്ള അധികാരം പൊതുമരാമത്ത് വകുപ്പിനാണ്. ബന്ധപ്പെട്ട ഉത്തരവുകൾ പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിക്കുന്നതാണ്.

3 . പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ ഓരോ ഇനം റോഡിനും നിശ്ചയിക്കുന്ന റെസ്റ്റോറേഷൻ ചാർജ്ജുകൾ പൊതുമരാമത്ത് വകുപ്പിൽ തന്നെ ടെലഫോൺ സർവ്വീസ് പ്രൊവൈഡർമാർ അടയ്ക്കേണ്ടതാണ്.

4 . റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള Trench Less Technology

അടക്കമുള്ള നൂതനമായ സാങ്കേതികവിദ്യകൾ കേബിളുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതാണ്

5. റോഡിന്റെ ടാർ ചെയ്ത ഭാഗം പരമാവധി ഒഴിവാക്കി പുറം അതിരിനോട് ചേർന്ന മൺഭാഗത്ത് മാത്രം കേബിളുകൾ സ്ഥാപിക്കേണ്ടതാണ്(Extreme Edge of ROW).

6. പാലത്തിന് മുകളിൽ യാതൊരു കാരണവശാലും കേബിളുകൾ സ്ഥാപിക്കരുത്. പുഴകളും, നീർച്ചാലുകളും ക്രോസ് ചെയ്യേണ്ട അവസരത്തിൽ പുഴകളുടേയും, നീർച്ചാലുകളുടേയും അടിത്തട്ടിൽ കേബിളുകൾ ഇടേണ്ടതാണ്. ഇത് സാധ്യമാകാത്ത അവസരത്തിൽ പാലത്തിന്റെ പുറം ഭാഗത്ത് പ്രത്യേക ബ്രാക്കറ്റുകളിൽ ഡക്ട് പൈപ്പുകൾ സ്ഥാപിച്ച് കേബിളുകൾ സ്ഥാപിക്കേണ്ടതാണ്. ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് മുഴുവൻ വിശദാംശങ്ങളും അനുവാദം ലഭിക്കുന്നതിനു മുമ്പ് തന്നെ സമർപ്പിക്കേണ്ടതാണ്.

7. വീതി കുറഞ്ഞ റോഡുകളിലും, ടാർ കട്ടിംഗ് ആവശ്യമായി വരുമ്പോഴും മറ്റു റൂട്ടുകൾ തിരഞ്ഞെടുക്കാൻ ശ്രമിക്കേണ്ടതാണ്. സ്വകാര്യ വ്യക്തികളുടെ സ്ഥലത്തുകൂടി കേബിളുകൾ ഇടുന്നതിനുള്ള സാദ്ധ്യതകളും ആരായേണ്ടതാണ്.

8 . റോഡ് വികസനത്തിന്റെ ഭാഗമായി കേബിളുകൾ മാറ്റേണ്ടതായി വന്നാൽ പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്ന പക്ഷം 3 0 ദിവസത്തിനുള്ളിൽ ടെലഫോൺ സർവ്വീസ് പ്രൊവൈഡർമാരും(TSP), ഇൻഫ്രസ്ട്രക്ചർ പ്രൊവൈഡർമാരും (IP) സ്വന്തം ചിലവിൽ തന്നെ കേബിളുകൾ മാറ്റേണ്ടതാണ്.

9. കേബിളുകൾ നിർബന്ധമായും റോഡ് നിരപ്പിൽ നിന്നും ചുരുങ്ങിയത് 1.20 മീറ്റർ താഴ്ചയിൽ ഇടേണ്ടതാണ്. കേബിളുകൾ സ്ഥാപിക്കുന്നത് റോഡിൽ നിന്നും നിശ്ചിത താഴ്ചയിലായിരിക്കണമെന്ന നിർദ്ദേശം പലപ്പോഴും പാലിക്കപ്പെടുന്നില്ല. അതുകൊണ്ട് റോഡിന്റെ വശങ്ങളിൽ ഡ്രെയിനേജിനും മറ്റും കുഴിക്കുമ്പോൾ കേബിളുകൾ പൊട്ടിപ്പോവാറുണ്ട്. ഇതുമൂലമുണ്ടാകുന്ന നിയമനടപടികൾ കാരണം പൊതുമരാമത്ത് വകുപ്പിന്റെ വർക്കുകൾ സമയബന്ധിതമായി തീർക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ നിർദ്ദിഷ്ട ആഴത്തിൽ കേബിൾലൈൻ ഇടേണ്ടതാണ്. കൂടാതെ നിലവിലുള്ള കേബിൾ ലൈനിന്റെ അലൈൻമെൻറ് സ്കെച്ച് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് നൽകേണ്ടതാണ്. റോഡിൽ വർക്കുകൾ ചെയ്യുമ്പോൾ നാശനഷ്ടം ഉണ്ടാകാത്ത രീതിയിൽ പ്രവൃത്തികൾ arrange ചെയ്യേണ്ടതാണ്.

10 . കേബിളുകൾ ഇട്ടുകഴിഞ്ഞാൽ ട്രഞ്ചുകൾ ശരിയായി മൂടുന്നതിനും, മണ്ണ് കോംപാക്ട് ചെയ്ത് ഉറപ്പിക്കുന്നതിനും പഴയ രൂപത്തിലാക്കുന്നതിനും ബന്ധപ്പെട്ട

കമ്പനിയ്ക്ക് ഉത്തരവാദിത്തമുണ്ട് ഇതിൽ വീഴ്ച വരുന്ന പക്ഷം കമ്പനികൾ പൊതുമരാമത്ത് വകുപ്പിന് നഷ്ടപരിഹാരം നൽകേണ്ടതായി വരുന്നതാണ്.

11. റോഡിനടിയിൽ മുമ്പ് ഇട്ട കേബിളുകളുടേയും, പൈപ്പുകളുടേയും സംരക്ഷണം ഉറപ്പ് വരുത്തി പുതിയ കേബിളുകൾ ഇടേണ്ടത് സേവനദാതാക്കളുടെ ഉത്തരവാദിത്തമാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം കമ്പനികൾ പൊതുമരാമത്ത് വകുപ്പിന് നഷ്ടപരിഹാരം നൽകേണ്ടതായി വരുന്നതാണ്.

12. ഓരോ ദിവസവും എടുക്കുന്ന ട്രഞ്ചുകളിൽ അതാത് ദിവസം തന്നെ കേബിളുകളും, പൈപ്പുകളും ഇട്ട് മൂടേണ്ടതും, പൂർവ്വസ്ഥിതിയിലാക്കേണ്ടതുമാണ്. ട്രഞ്ച് എടുക്കുമ്പോൾ ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഉത്തരവാദി കേബിൾ ഉടമസ്ഥർ/വാട്ടർ അതോറിറ്റി/കെ.എസ്.ഇ.ബി ആയിരിക്കും.

13. പൊതുമരാമത്ത് വകുപ്പിന്റെ നിർദ്ദേശങ്ങൾക്കും, നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരായി പ്രവർത്തിക്കുന്ന പക്ഷം അനുവാദം റദ്ദ് ചെയ്യുന്നതിന് മരാമത്ത് വകുപ്പിന് അധികാരമുണ്ടായിരിക്കും.

14. വാഹനങ്ങളുടേയും, പൊതുജനങ്ങളുടേയും സഞ്ചാരത്തിന് പരമാവധി അസൗകര്യം കുറച്ചുകൊണ്ടായിരിക്കണം കേബിളുകൾ ഇടേണ്ടത്. ട്രെഞ്ചുകളിൽ അപകടം ഒഴിവാക്കുന്നതിനായി വേലികളും, ബാരിക്കേഡുകളും നിർമ്മിക്കേണ്ടത് ബന്ധപ്പെട്ട സേവനദാതാക്കളുടെ ഉത്തരവാദിത്തമാണ്.

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

15. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളിൽ KSEB ഇലക്ട്രിക് പോസ്റ്റുകളും, കേബിളുകളും സ്ഥാപിക്കുന്നതിനു മുൻപ് അതു സംബന്ധിച്ച രൂപരേഖ തയ്യാറാക്കി PWD ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

16. പോസ്റ്റുകളും, കേബിളുകളും extreme road margin ൽ കൂടി മാത്രമേ സ്ഥാപിക്കാൻപാടുള്ളു ആയത് ഉറപ്പുവരുത്തുന്നതിനായി PWD/KSEB ഉദ്യോഗസ്ഥൻമാരുടെ ഒരു സംയുക്ത പരിശോധന പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് നടത്തേണ്ടതാണ്. ഈ പരിശോധനയിൽ രണ്ട് ഡിപ്പാർട്ട്മെന്റുകളും സമ്മതിച്ചിട്ടുള്ള സ്ഥലങ്ങളിൽമാത്രം പോസ്റ്റുകളും കേബിളുകളും സ്ഥാപിക്കേണ്ടതുമാണ്. പോസ്റ്റുകളും കേബിളുകളും സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുമ്പോൾ മാറ്റേണ്ടി

വന്നാൽ അത് KSEB യുടെ ചെലവിൽ ചെയ്തു കൊള്ളാമെന്നുള്ള സമ്മതപത്രം നൽകേണ്ടതാണ്.

17. റോഡിന്റെ വശങ്ങളിലായി ഇലക്ട്രിക് പോസ്റ്റുകൾ stack ചെയ്തു വരുന്ന പ്രവണത കണ്ടു വരുന്നുണ്ട്. ഇത് റോഡിന്റെ drainage സൗകര്യങ്ങളെ പ്രതികൂലമായി ബാധിക്കുകയും റോഡിന്റെ തകർച്ചയിലേക്ക് നയിക്കുകയും ചെയ്യുന്നു. കൂടാതെ ദീർഘകാലം പോസ്റ്റുകൾ stack ചെയ്യുന്നതുമൂലം റോഡപകടങ്ങളും വർദ്ധിക്കുന്നുണ്ട്. ആയതിനാൽ പോസ്റ്റുകൾ സുരക്ഷിതമായി stack ചെയ്യേണ്ടുന്ന സംവിധാനം ഒരുക്കേണ്ടതാണ്.

18. പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ ഓരോ ഇനം റോഡിനും നിശ്ചയിക്കുന്ന റെസ്റ്റോറേഷൻ ചാർജ്ജുകൾ പൊതുമരാമത്ത് വകുപ്പിൽ അടക്കേണ്ടതാണ്.

19. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള Trench less Technology അടക്കമുള്ള നൂതനമായ സാങ്കേതികവിദ്യകൾ കേബിളുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതാണ്.

20. റോഡിന്റെ ടാർ ചെയ്ത ഭാഗം പരമാവധി ഒഴിവാക്കി പുറം അതിരിനോട് ചേർന്ന മൺഭാഗത്ത് മാത്രം കേബിളുകളും പോസ്റ്റുകളും സ്ഥാപിക്കേണ്ടതാകുന്നു. (Extreme Edge of ROW)

21. കേബിൾ കമ്പനികൾക്കുള്ള എല്ലാ നിബന്ധനകളും കെ.എസ്.ഇ.ബി ക്കും ബാധകമായിരിക്കും.

## കേരള വാട്ടർ അതോറിറ്റി

22. കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പണമടക്കാതെ പിന്നീട് അടക്കാം എന്ന നിബന്ധനയിൽ വാട്ടർ അതോറിറ്റിക്ക് അനുവാദം നൽകണമെന്ന് ജില്ലാ കളക്ടർമാർ ജില്ലാ കോ-ഓർഡിനേഷൻ കമ്മറ്റിയിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് നിർദ്ദേശം നല്കുന്നത് ഒട്ടനവധി പ്രശ്നങ്ങൾക്ക് ഇടയാക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട് . ഇത്തരത്തിൽ റെസ്റ്റോറേഷൻ ചാർജ്ജ് അടക്കാതെ പൈപ്പ് ഇട്ടതിനു ശേഷം പ്രസ്തുത റോഡുകൾ വർഷങ്ങളോളം ഗതാഗതയോഗ്യമല്ലാതിരിക്കുകയും, ജനവികാരം പൊതുമരാമത്ത് വകുപ്പിനെതിരാകുകയും ചെയ്ത ഒട്ടനവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇത് തീർത്തും ദൗർഭാഗ്യകരമാണ്. വാട്ടർ അതോറിറ്റിയുടെ പ്രവർത്തികളുമായി ബന്ധപ്പെട്ട് റോഡുകൾ വെട്ടിപ്പൊളിക്കേണ്ടി വരുന്നതും തുടർന്ന് റോഡ്

പൂർവ്വസ്ഥിതിയിലാക്കുന്നതും സംബന്ധിച്ച് ഇരു വകുപ്പുകളും തമ്മിൽ പലപ്പോഴും അഭിപ്രായ ഭിന്നതകൾ ഉണ്ടാകുന്നതായി . ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത്- ജലവിഭവ വകുപ്പ മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ഇരു വകുപ്പ കളിലേയും ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് സ.ഉ.(സാധാ) നം. 1602/2016/പൊ.മ.വ. തീയതി 21/11/2016, സ.ഉ.(സാധാ) നം. 1640/2016/പൊ.മ.വ. തീയതി 28/11/2016 ഉം പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചത്. ഈ ഉത്തരവു പ്രകാരം മാത്രമെ റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കാൻ അനുവദിക്കുകയുള്ളൂ. ടി ഉത്തരവുകളിലെ നിബന്ധനങ്ങൾ മറികടന്നു ജില്ലാ കളക്ടർമാർ ഉത്തരവിടാൻ പാടില്ല.

23. കേരളാ വാട്ടർ അതോറിറ്റിയുടെ പുതുതായി സ്ഥാപിക്കുന്ന പൈപ്പ് ലൈനുകൾ extreme Road Margin കൂടി മാത്രമേ ഇടുവാൻപാടുള്ളൂ.

2 4 . കട്ടിംഗിനായി അപേക്ഷ നൽകുമ്പോൾ അതിന്റെ അലൈൻമെൻറ്, PWD/KWA ഉദ്യോഗസ്ഥൻമാർ സംയുക്ത പരിശോധന നടത്തി, റോഡിന്റെ പേവ്മെന്റ് ഒഴിവാക്കിക്കൊണ്ടുളള അലൈൻമെൻറ് തീരുമാനിക്കേണ്ടതാണ്. അങ്ങനെ തീരുമാനിക്കുന്ന അലൈൻമെൻറിൽ കൂടി മാത്രം പ്രവൃത്തി ചെയ്യേണ്ടതുമാണ്. ഭാവിയിൽ ഏതെങ്കിലും കാരണവശാൽ റോഡ് വികസനവുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കേണ്ടി വന്നാൽ അത് വാട്ടർ അതോറിറ്റിയുടെ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും ചെയ്തു കൊളളാമെന്ന സമ്മതപത്രം സമർപ്പിക്കേണ്ടതാണ്.

25. നിലവിലുളള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുമ്പോഴും, മുകളിൽ സൂചിപ്പിച്ച മാനദണ്ഡം പാലിക്കേണ്ടതാണ്.

2 6 . അറ്റകുറ്റപ്പണികൾക്കായി റോഡ് കുഴിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെട്ട അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റൻറ് എഞ്ചിനീയർ എന്നിവരെ അറിയിച്ച ശേഷം മാത്രമേ റോഡ് കുഴിക്കാൻ പാടുളളൂ. അങ്ങനെ അറ്റകുറ്റപ്പണികൾക്കായി റോഡ് കുഴിക്കുമ്പോൾ അതിനും Restoration charge അടച്ച് അനുമതി വാങ്ങേണ്ടതാണ്. എല്ലാവിധ Restoration ജോലികളും PWD ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിൽ ചെയ്യേണ്ടതാണ്. ജില്ലാ കളക്ടർമാർ, റെസ്റ്റോറേഷൻ ചാർജ് ഒടുക്കാതെ അനുവാദം നൽകണമെന്ന് പറയുന്നതും ഇടപെടുന്നതും ചട്ട ലംഘനമാണ്.

27. പാലത്തിന് മുകളിൽ യാതൊരു കാരണവശാലും പൈപ്പുകൾ സ്ഥാപിക്കരുത്. പുഴകളും, നീർച്ചാലുകളും ക്രോസ് ചെയ്യേണ്ട അവസരത്തിൽ പുഴകളുടേയും,

നീർച്ചാലുകളുടേയും അടിത്തട്ടിൽ കേബിളുകളും, പൈപ്പുകളും ഇടേണ്ടതാണ്. ഇത് സാധ്യമാകാത്ത അവസരത്തിൽ പാലത്തിനു പുറം ഭാഗത്ത് പ്രത്യേക ബ്രാക്കറ്റുകളിൽ പൈപ്പുകൾ സ്ഥാപിക്കേണ്ടതാണ്. ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് മുഴുവൻ വിശദാംശങ്ങളും അനുവാദം ലഭിക്കുന്നതിനു മുമ്പ് തന്നെ സമർപ്പിക്കേണ്ടതാകുന്നു. പാലങ്ങൾ, കലുങ്കുകൾ എന്നിവയിൽക്കൂടി പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട അനിവാര്യ സാഹചര്യത്തിൽ PWD ഉദ്യോഗസ്ഥരെ അറിയിച്ച്, അതിനുള്ള അനുമതി തേടേണ്ടതാണ്.

28. PWD റോഡുകളുടെ Pavement വീതികൂട്ടൽ ഉൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾ, പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കണമെങ്കിൽ അത് കേരളവാട്ടർ അതോറിറ്റിയുടെ ചെലവിലും ഉത്തരവാദിത്തത്തിലും ചെയ്തു കൊള്ളാമെന്നുള്ള സമ്മതപത്രം എല്ലാ കട്ടിംഗ് പെർമിഷനുമുള്ള അപേക്ഷയുടെ കൂടെ നിർബന്ധമാണ്.

29. PWD അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റൻറ് എഞ്ചിനീയർ എന്നിവരെ അറിയിക്കാതെ യാതൊരുവിധമായ റോഡ് കട്ടിംഗുകളും നടത്തുവാൻ പാടുള്ളതല്ല.

30. റോഡിന്റെ വശങ്ങളിലായി പൈപ്പുകൾ stack ചെയതു വരുന്ന പ്രവണതകണ്ടു വരുന്നുണ്ട്. ഇത് റോഡിന്റെ Drainage സൗകര്യങ്ങളെ പ്രതികൂലമായി ബാധിക്കുകയും റോഡിൻറെ തകർച്ചയിലേക്ക് നയിക്കുകയും ചെയ്യുന്നു. കൂടാതെ ദീർഘകാലം പൈപ്പുകൾ Stack ചെയ്യുന്നതുമൂലം റോഡപകടങ്ങളും വർദ്ധിക്കുന്നുണ്ട്. ആയതിനാൽ പൈപ്പുകൾ സുരക്ഷിതമായി Stack ചെയ്യേണ്ടുന്ന സംവിധാനം KWA സ്വന്തമായി ഒരുക്കേണ്ടതാണ്.

31. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള Trench less Technology അടക്കമുള്ള നൂതനമായ സാങ്കേതികവിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതാണ്.

32. വീതി കുറഞ്ഞ റോഡുകളിലും, ടാർ കട്ടിംഗ് ആവശ്യമായി വരുമ്പോഴും മറ്റു റൂട്ടുകൾ തിരഞ്ഞെടുക്കാൻ ശ്രമിക്കേണ്ടതാണ്. സ്വകാര്യ വ്യക്തികളുടെ സ്ഥലത്തുകൂടി പൈപ്പുകൾ ഇടുന്നതിനുള്ള സാദ്ധ്യത ആരായേണ്ടതാണ്.

33. പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് റോഡിൽ നിന്നും നിർദ്ദിഷ്ട താഴ്ചയിലായിരിക്കണമെന്ന നിർദ്ദേശം പലപ്പോഴും പാലിക്കപ്പെടുന്നില്ല. അതുകൊണ്ട് Pavement ന്റെ അടിയിലുള്ള പൈപ്പ്, ഭാരവാഹനങ്ങൾ കടന്നുപോകുമ്പോൾ തകരുകയും റോഡുകൾ തകരുകയും ചെയ്യുന്നുണ്ട്. കൂടാതെ

റോഡിന്റെ വശങ്ങിൽ ഡ്രെയിനേജിനും മറ്റും കുഴിക്കുമ്പോൾ പൈപ്പ് ലൈൻ പൊട്ടിപ്പോവാറുണ്ട്. ഇതുമൂലമുണ്ടാകുന്ന നിയമനടപടികൾ കാരണം പൊതുമരമത്ത് വകുപ്പിന്റെ വർക്കുകൾ സമയബന്ധിതമായി തീർക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ നിർദ്ദിഷ്ട ആഴത്തിൽ പൈപ്പ് ലൈൻ ഇടേണ്ടതാണ്. കൂടാതെ നിലവിലുളള പൈപ്പ് ലൈനിന്റെ അലൈൻമെൻറ് സ്കെച്ച് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. ഇത് റോഡിൽ വർക്കുകൾ ചെയ്യുമ്പോൾ നാശ നഷ്ടം ഉണ്ടാകാത്ത രീതിയിൽ പ്രവൃത്തികൾ arrange ചെയ്യുന്നതിന് സഹായിക്കും.

34. ഹൈവെ പ്രൊട്ടക്ഷൻ ആക്റ്റിന്റെ പരിധിയിൽ നിന്നായിരിക്കണം എല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടത്.

35. സർവീസ് പ്രൊവൈഡർമാർ തന്നെ റസ്റ്ററേഷൻ പ്രവർത്തികൾ നടത്തുന്ന സന്ദർഭങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള സ്പെസിഫിക്കേഷനും, മാനദണ്ഡവും അനുസരിച്ച മാത്രമെ പ്രവർത്തികൾ നടത്താൻ അനുമതി നൽകുകയുള്ളു. ഇത്തരം സന്ദർഭങ്ങളിൽ പ്രവർത്തിക്ക് അനുമതി നൽകുന്നതിനു മുമ്പുതന്നെ മരാമത്തു വകുപ്പിലെ നിലവിലുള്ള ചട്ടങ്ങളനുസരിച്ചുള്ള സൂപ്പർവിഷൻ ചാർജ്ജുകൾ വകുപ്പിൽ അടക്കേണ്ടതാണ്.

### പൊതുവായവ

36. റോഡ് നവീകരണം കുഴി എടുക്കൽ തുടങ്ങിയ പ്രവർത്തികളിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

37.KWA, BSNL, KSEB മുതലായവയുടെ പ്രവർത്തികൾക്കായി റോഡ് കുഴിക്കേണ്ടി വരുന്ന അവസരങ്ങളിൽ പ്രസ്തുത വിവരം 6 മാസം മുൻപെങ്കിലും പൊതുമരാമത്ത് വകുപ്പിനെ അറിയിക്കേണ്ടതാണ്.

38. ഒരേ തരത്തിൽ ഉള്ള കട്ടിങ് പ്രവൃത്തികൾക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത നിരക്കുകൾ നിലവിലുള്ളതായി കാണുന്നു . നിരക്ക് ഏകീകരിച്ചിട്ടുണ്ട്.

39. റോഡ് കുഴിക്കൽ പ്രവർത്തികൾ നടത്തുന്ന കോൺട്രാക്ടർ തന്നെ റോഡ് റെസ്റ്റോറേഷൻ പ്രവർത്തികളും നടത്താവുന്നതാണ്. എന്നാൽ ഇതിന്റെ മേൽ നോട്ടവും റെസ്റ്റോറേഷൻ നിരക്ക് സംബന്ധിച്ച തീരുമാനവും പൊതുമരാമത്ത് എൻജിനീയർമാർ ചെയ്യേണ്ടതാണ്. ഇങ്ങനെ ചെയ്യുന്ന റെസ്റ്റൊറേഷൻ പ്രവൃത്തികൾക്ക് 6 മുതൽ മൂന്നു വർഷം വരെ ഡിഫക്റ്റ് ലയബിലിറ്റി പിരീയഡ്

ഉണ്ടായിരിക്കുന്നതാണ്. ഡിഫെക്ട് ലയബിലിറ്റി-പീരീഡ് നിലനിൽക്കുന്ന കാലയളവിൽ പ്രസ്തുത റോഡുകളിലെ ഏതെങ്കിലും നിശ്ചിത സ്ട്രെച്ചിൽ മറ്റു സ്വകാര്യ സേവനദാതാക്കൾ റോഡ് കട്ടിങ് നടത്തിയാൽ പ്രസ്തുത ഭാഗങ്ങളിൽ റോഡ് നിർദിഷ്ട നിലവാരത്തിൽ പൂർവ സ്ഥിതിയിലാക്കുന്നതിനുള്ള ബാധ്യത പ്രസ്തുത സ്ഥാപനത്തിന്റെ ബാധ്യതയായിരിക്കുന്നതാണ്. പ്രസ്തുത സ്ട്രെച്ചിൽ ഡിഫെക്ട് ലയബിലിറ്റി-പീരീഡ് ആ റോഡ് നിർമാണം നടത്തിയ കരാറുകാരിൽ നിന്നും റോഡ് കട്ടിങ് നടത്തിയ കരാറുകാരിലേക്ക് മാറുന്നതും പ്രസ്തുത റോഡ് ഡിഫെക്ട് ലയബിലിറ്റി-പീരീഡ് ഇൽ നിശ്ചിത നിലവാരത്തിൽ സൂക്ഷിക്കേണ്ട ബാധ്യത പുതിയ കരാറുകാരനിൽ നിക്ഷിപ്തമാവുന്നതുമാണ്

40. പുതുതായി നിർമിക്കുന്ന എല്ലാ ഹൈ ഓവറുകളും, പാലങ്ങളും ആധുനിക കാലത്തിന്റെ ആവശ്യകത നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഉൾകൊള്ളുന്ന രീതിയിൽ രൂപകൽപന ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G.KAMALA VARDHANA RAO
PRINCIPAL SECRETARY

ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും/ദേശീയപാത/ഭരണം) പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെ എസ്. ഇ ബി , തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ബി എസ് എൻ എൽ, തിരുവനന്തപുരം.
മാനേജിംഗ്ഡയറക്ടർ, KRFB/RICK/RBDCK/KSCC/KSTP, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും/സെക്രട്ടറി, കേരളാനിയമസഭ
എല്ലാ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ്/ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും(ചീഫ് എഞ്ചിനീയർ മുഖേന)
വിവിധ സേവനദാതാക്കളുടെ പ്രതിനിധികൾക്ക്
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.പൊതുമരാമത്ത് വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.വൈദ്യുതി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.ജലവിഭവ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
വൈദ്യുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

ഐ.ടി.വകുപ്പ് സെക്രട്ടറിയുടെ പി.എ

പൊതുമരാമത്ത് വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

പൊതുമരാമത്ത് വകുപ്പിലെ വിവിധ സെക്ഷനുകൾക്ക്.

ഐ&പി.ആർ(വെബ്& ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signature valid

Digitally signed by [illegible]ANOJ P
Date: 201[illegible].01.0[illegible] [illegible]0:48:46
IST
Reason: Ap[illegible]ed

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ